**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 395 | 04.02.2020-ൽ മറുപടി നൽകേണ്ടിയിരുന്നത് |
|---|---|

**ജി.എസ്.ടി. കുടിശ്ശികയിനത്തിൽ കേന്ദ്രം നൽകേണ്ട തുക**

| | ചോദ്യം<br>ശ്രീ. വി.ഡി. സതീശൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ജി.എസ്.ടി. വിഹിതമടക്കം സംസ്ഥാനത്തിന് അർഹമായ തുക കേന്ദ്രം നൽകാത്തത് സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കുന്നതിന് കാരണമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ജി.എസ്.ടി. നഷ്ടപരിഹാരമടക്കം സംസ്ഥാനത്തിന് അർഹമായ തുക കേന്ദ്രം നൽകാത്തത് സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കുന്നതിന് കാരണമായിട്ടുണ്ട്. |
| (ബി) | നിലവിൽ എത്ര കോടി രൂപയാണ് ജി.എസ്.ടി. കുടിശ്ശികയിനത്തിൽ കേന്ദ്രം നൽകുവാനുള്ളതെന്നും അത് ഏത് മാസത്തെ കുടിശ്ശികയാണെന്നും വ്യക്തമാക്കാമോ; | (ബി) | ജി.എസ്.ടി. കോമ്പൻസേഷൻ കേന്ദ്രം നൽകുന്നത് ദ്വൈമാസമായിട്ടാണ്. ഒക്ടോബർ 2019, നവംബർ 2019 എന്നീ മാസങ്ങളിലെ കുടിശ്ശികയായി 1510.76 കോടി രൂപ ലഭിക്കുവാനുണ്ട്. 2019 ഡിസംബർ, 2020 ജനുവരി എന്നീ മാസങ്ങളിലെ ജി.എസ്.ടി. കോമ്പൻസേഷൻ 2020 ഫെബ്രുവരി മാസത്തിലാണ് due ആകുന്നത്. |
| (സി) | 2019-ൽ ജി.എസ്.ടി. വിഹിതമായി കേന്ദ്രം എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് ഇതിനകം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | 2019-20 സാമ്പത്തിക വർഷം ജി.എസ്.ടി. കോമ്പൻസേഷനായി 30.09.2019 വരെ 3743 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (ഡി) | കേന്ദ്ര ധനകാര്യ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് ലഭിക്കേണ്ട മൂന്ന് മാസത്തെ നികുതി വിഹിതം എത്രയാണെന്നും അതിൽ കേന്ദ്രം എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ഡി) | 2019-20 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് കേന്ദ്ര ബജറ്റ് പ്രകാരം അനുവദിച്ചിട്ടുള്ള നികുതി വിഹിതം (BE) 20228.33 കോടി രൂപയാണ്. 2020 ജനുവരി വരെ നികുതിയിനത്തിൽ സംസ്ഥാനത്തിന് 13345.72 കോടി രൂപ ലഭിച്ചിട്ടുണ്ട്. കേന്ദ്ര ബജറ്റിന്റെ 2019-20-ലെ Revised Estimate |

| | | | |
|---|---|---|---|
| | | | പ്രകാരമുള്ള നികുതി വിഹിതം 16401.05 കോടി രൂപയാണ്. Budget Estimate നെ അപേക്ഷിച്ച് നികുതി വിഹിതത്തിൽ 3827.28 കോടി രൂപയുടെ കുറവുണ്ടാകുമെന്നാണ് RE പ്രകാരം അനുമാനിക്കേണ്ടത്. അതേ സമയം യഥാർത്ഥത്തിൽ ലഭിക്കുന്ന നികുതി വിഹിതം എത്രയാകും എന്നത് വർഷാവസാനം മാത്രമേ തിട്ടം പറയാൻ കഴിയൂ. ജി.എസ്.ടി. നഷ്ടപരിഹാരം തുടങ്ങി കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് അർഹതപ്പെട്ട മറ്റ് കൈമാറ്റങ്ങളിലും അനിശ്ചിതത്വം നിലനിൽക്കുകയാണ്. |
| (ഇ) | സംസ്ഥാനത്തിന് അർഹതപ്പെട്ട നികുതി വിഹിതം സമയ ബന്ധിതമായി ലഭിക്കുന്നതിന് എന്തൊക്കെ സമ്മർദ്ദങ്ങളാണ് ചെലുത്തുന്നതെന്ന് വിശദീകരിക്കാമോ? | (ഇ) | സംസ്ഥാനത്തിന് അർഹതപ്പെട്ട ജി.എസ്.ടി. നഷ്ടപരിഹാരം 2019 ആഗസ്റ്റ്, 2019 സെപ്റ്റംബർ മാസങ്ങളിലേത് ഒക്ടോബർ 2019-ൽ ലഭിക്കാതിരുന്ന സാഹചര്യം ഉണ്ടായി. ഇതിനായി മറ്റ് സംസ്ഥാനങ്ങളുമായി ചേർന്ന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി.<br><br>ഇതിനായി കേരളം മുൻകൈ എടുത്ത് സംസ്ഥാന ധനമന്ത്രിമാരുടെ യോഗം പ്രത്യേകമായി വിളിക്കുകയും കേന്ദ്രത്തിനോട് നഷ്ടപരിഹാര തുക റിലീസ് ചെയ്യുവാൻ ആവശ്യപ്പെടുകയും ചെയ്തു. കൂടാതെ മറ്റ് സംസ്ഥാനങ്ങളിലെ ധനകാര്യ മന്ത്രിമാരുമായി രണ്ട് പ്രാവശ്യം വീഡിയോ കോൺഫറൻസ് വഴി ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത വിഷയം കേരളത്തിലെ എം.പി.മാർ പാർലമെന്റിൽ ഉന്നയിക്കുകയുണ്ടായി. ഇതിന്റെയെല്ലാം ഫലമായി 2019 ഒക്ടോബർ മാസത്തിൽ ലഭിക്കേണ്ടിയിരുന്ന ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ജി.എസ്.ടി. നഷ്ടപരിഹാരം 2019 ഡിസംബർ മാസത്തിൽ സംസ്ഥാനത്തിന് ലഭിച്ചു. |

**സെക്ഷൻ ഓഫീസർ**